LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ മെമ്പർമാർക്ക് പെൻഷൻ അനുവദിക്കുന്നത്

257 (1731) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ മെമ്പർമാർക്ക് പെൻഷൻ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ മെമ്പർമാർക്ക് പെൻഷൻ അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ;

(സി) ഇല്ലെങ്കിൽ 60 വയസ്സിനു മുകളിലുള്ളവരും, സർക്കാരിന്റെ യാതൊരു വിധ പെൻഷൻ ആനുകൂല്യവും ലഭിക്കാത്തവരുമായ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ മുൻ മെമ്പർമാർക്ക് പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് പെൻഷൻ-ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

അംഗത്വ ഫീസും വരിസംഖ്യയും നൽകുന്നത് സംബന്ധിച്ച്

258 (1732) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾ ഇനിമുതൽ അംഗത്വ ഫീസും വരിസംഖ്യയും ഇൻഫർമേഷൻ കേരളാ മിഷന് (ഐ.കെ.എം.) നൽകണം എന്ന ഉത്തരവ് സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) എന്നു മുതലാണ് ഉത്തരവ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) തദ്ദേശസ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും അംഗത്വ ഫീസ് കുറവ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) വാർഷിക വരിസംഖ്യ സംബന്ധിച്ച് വിശദമാക്കുമോ?